**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 803** **06-02-2023 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ.കെ. അക്ബർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഗുരുവായൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കി വരുന്ന അംബേദ്കർ ഗ്രാമം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അംബേദ്കർ ഗ്രാമം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നം | വർഷം | കോളനി | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | 2016-17 | കമ്പനിപ്പടി കോളനി | നിർമ്മാണം പൂർത്തീകരിച്ചു. |
| 2 | 2016-17 | ഏങ്ങണ്ടിയൂർ ആർ.വി.സി. കോട്ട കോളനി | റോഡ് ടാറിംഗ്, കിണർ നിർമ്മാണം, ഭവന പുനരുദ്ധാരണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. സോളാർ ലൈറ്റ് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. കുടിവെള്ള പദ്ധതിയിൽ വാട്ടർ ടാങ്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു. പൈപ്പ് വർക്കുകൾ പുരോഗമിക്കുന്നു.<br><br>സോളാർ ലൈറ്റിന്റേയും കുടിവെള്ള പദ്ധതിയുടേയും നിർമ്മാണ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 3 | 2020-21 | കൊളാടിപ്പറമ്പ് കോളനി | മോണിറ്ററിംഗ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വീടുകളുടെ അറ്റകുറ്റപ്പണി, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, വാട്ടർ ടാങ്ക് നിർമ്മാണം എന്നീ പദ്ധതികൾ ഏറ്റെടുക്കാൻ തീരുമാനിച്ചിരുന്നു. ആയതിൽ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള 14 വീടുകളുടെ എസ്റ്റിമേറ്റ് സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം തയ്യാറാക്കിയിട്ടുണ്ട്. കമ്മ്യൂണിറ്റി ഹാൾ, വാട്ടർ ടാങ്ക് എന്നിവ നിർമ്മിക്കുന്നതിന് നിലവിൽ സ്ഥലം ലഭ്യമായിട്ടില്ല.<br><br>കമ്മ്യൂണിറ്റി ഹാൾ, വാട്ടർടാങ്ക് എന്നിവ നിർമ്മിക്കുന്നതിനുള്ള ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്നതിന് ഗുരുവായൂർ മുൻസിപ്പാലിറ്റിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാക്കി പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 4 | 2020-21 | ഒറ്റത്തെങ്ങ് കോളനി | മോണിറ്ററിംഗ് കമ്മിറ്റി തീരുമാന പ്രകാരം ഏറ്റെടുത്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതായി നിർവ്വഹണ ഏജൻസിയായ സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം അറിയിച്ചിട്ടുണ്ട്. മോണിറ്ററിംഗ് സമിതി കൂടി എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |